ഉത്തരം

പൊതുവിപണിയിലെ ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സംസ്ഥാനത്തെ പൊതു വിതരണ ശൃംഖലയിലൂടെ അരി, ഗോതമ്പ്, പഞ്ചസാര എന്നിവ വിതരണം ചെയ്തുവരുന്നു. കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ അതിന്റെ 865 മാവേലി സ്റ്റോർ, 156 സപ്ലൈകോ ശബരി സൂപ്പർ മാർക്കറ്റുകൾ , 20 മൊബൈൽ മാവേലി സ്റ്റോറുകൾ എന്നീ വിപണന കേന്ദ്രങ്ങളിലൂടെ അവശ്യ സാധനങ്ങൾ പൊതു കമ്പോളത്തിലെ വിലയേക്കാൾ 10 ശതമാനം മുതൽ 15 ശതമാനം വരെ വില കുറച്ച് ഗുണനിലവാരം ഉറപ്പു വരുത്തി വിതരണം ചെയ്തുവരുന്നു. കൂടാതെ, ഓണം ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉത്സവ വേളകളിൽ പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്തൊട്ടാകെ ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിച്ച് അത്യാവശ്യ സാധനങ്ങളും പച്ചക്കറികളും ന്യായമായ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. ഇതു കൂടാതെ തിരഞ്ഞെടുത്ത 1500-ഓളം റേഷൻ കടകളിലൂടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്ന സാധനങ്ങൾ ഗ്രാമങ്ങളിൽ എത്തിച്ച് ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്ന നടപടിയും സ്വീകരിച്ചുവരുന്നു.

ന്യായവില ഷോപ്പുകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ വില വർദ്ധന

35 [3379] ശ്രീ. സി. കെ. നാണു:

,, കെ. പി. മോഹനൻ:

,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ന്യായ വില ഷോപ്പുകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും വിതരണം ചെയ്യുന്ന ഏതെല്ലാം പയറു വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾക്കാണ് വില വർദ്ധനവ് ഉണ്ടായത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന പയറുവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾക്ക് ക്രമാതീതമായ വില വർദ്ധനവ് ഉണ്ടായിട്ടില്ല. സെപ്റ്റംബർ 2004, മാർച്ച് 2005 എന്നീ മാസങ്ങളിലെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിലനിലവാരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly